(സി) മൂന്നാർ പ്രത്യേക ട്രൈബ്യൂണലിൽ കേസ്സുകൾ കെട്ടികിടക്കുന്നില്ല. കേസുകളെല്ലാംതന്നെ നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ തീർപ്പുകൽപ്പിച്ച ഓരോ കേസും പ്രത്യേകം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വനഭൂമി കുടിയേറ്റ ക്രമീകരണ നിയമത്തിൽ 2013-ൽ പുറത്തിറക്കിയ ഉത്തരവ്

151 (7120) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ നിയമത്തിൽ 2013-ൽ പുറത്തിറക്കിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിൽ അനന്തരവകാശിയെ നിർവ്വചിച്ചതിൽ ഉൾപ്പെടുത്തിയിട്ടുള്ള "സ്റ്റാമ്പ്ഡ് ഇൻസ്ട്രുമെന്റ്" എന്നതുകൊണ്ട് അർത്ഥമാക്കിയിട്ടുള്ളത് എന്താണ് ;

(സി) "സ്റ്റാമ്പ്ഡ് ഇൻസ്ട്രുമെന്റ്" എന്നത് രജിസ്റ്റർ ചെയ്ത കരാർ അല്ലായെങ്കിൽ എത്ര രൂപയുടെ മുദ്രപ്പത്രത്തിലായിരിക്കണം കരാർ തയ്യാറാക്കിയിരിക്കേണ്ടത് ;

(ഡി) ഈ ഉത്തരവിൽ കാലഗണന സൂചിപ്പിക്കാത്തതിനാൽ എന്നുമുതലുള്ള കൈമാറ്റത്തിനാണ് ഈ ഉത്തരവനുസരിച്ച് നടപടി സ്വീകരിക്കാനാകുകയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൈവശ വനഭൂമിക്ക് യഥാർത്ഥ പട്ടയം കിട്ടിയിട്ടില്ലാത്തവരിൽ നിന്നും ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറി നൽകുന്നതിന് '(കൺവേയൻസ്)' സാധ്യതയില്ല. അതിനാൽ ഭൂമി കൈവശമുണ്ടായിരുന്ന മുൻഗാമിയിൽനിന്നും മുദ്രപത്രത്തിലൂടെ (സ്റ്റാമ്പ്ഡ് ഇൻസ്ട്രുമെന്റ്) ഭൂമി കൈമാറി ലഭിച്ചവർക്കുമാത്രമെ പിൻഗാമിയെന്ന നിലയിൽ പട്ടയത്തിനായി അവകാശമുന്നയിക്കാൻ അർഹതയുള്ളൂ.

(സി) നിലവിലുള്ള രജിസ്ട്രേഷൻ ചട്ടങ്ങൾപ്രകാരം കൈവശഭൂമിയുടെ വിലയും പ്രസ്തുത ഭൂമിയിലെ ചമയങ്ങളുടെയും ദേഖൺഡങ്ങളുടെയും വിലയുടെയുമടിസ്ഥാനത്തിലാണ് മുദ്രപ്പത്രത്തിന്റെ വില നിശ്ചയിക്കുന്നത്.

(ഡി) ഇതുസംബന്ധിച്ച 24-12-2013-ലെ എസ്.ആർ.ഒ.1004/2013-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിൽ കാലഗണന സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly